8867
22/7/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – വനം വകുപ്പിൽ പറമ്പിക്കുളം വന്യജീവി സങ്കേതത്തിനു കീഴിലുള്ള കരിമല റെയിഞ്ചോഫീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായ ശ്രീമതി.ഫാത്തിമയെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ**(എം.എസ്.) നം. 51/2015/വനം     തീയതി, തിരുവനന്തപുരം, 17/07/2015.

---

പരാമർശം: 1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15/10/2012,13/6/2013,21/01/2015 എന്നീ തീയതികളിലെ ഇ 2-12946/2012 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ പറമ്പിക്കുളം വന്യജീവി സങ്കേതത്തിനു കീഴിലുള്ള കരിമല റെയിഞ്ചോഫീസിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 119.49M2 ഉണ്ടെന്നും ആയതു പരിഗണിച്ച് 01/06/1993 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുന്ന ശ്രീമതി ഫാത്തിമയെ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന് പരാമർശ പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പറമ്പിക്കുളം വന്യജീവി സങ്കേതത്തിനു കീഴിലുള്ള കരിമല റെയിഞ്ചാഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് കെട്ടിടത്തിന്റെ വിസ്തീർണ്ണം 119.49M2 ഉണ്ടെന്നത് പരിഗണിച്ച് 01/06/1993 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുന്ന

ശ്രീമതി. ഫാത്തിമയെ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഈ ഉത്തരവ് തീയതി മുതൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.സി. ജോസ്**
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
ശ്രീമതി.ഫാത്തിമ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് /ന്യൂ മീഡിയ
ധനകാര്യ വകുപ്പ് (23/06/2015-ലെ EXP-C3/38/2015-FIN(e.No.75612) മുഖേന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ